milma
Malabar Regional Co-operative Milk Producers' Union Ltd.
Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:311:LIC:2023 : 827 08.03.2023

**സർക്കുലർ നമ്പർ 9/8./2023**

**വിഷയം : ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി തുടർന്ന് നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

**സൂചന : ഈ ഓഫീസിൽ നിന്നുള്ള 17.11.2022 തിയ്യതിയിലെ 897/2022 നമ്പർ സർക്കുലർ**

മേൽ സൂചന സർക്കുലർ പ്രകാരം, മലബാർ മേഖലാ യൂണിയനിലെ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷന്റെ കോഴിക്കോട് ഡിവിഷണൽ ഓഫീസിലെ പി ആന്റ് ജി എസ് വകുപ്പ് മുഖേന ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി, 01.12.2022 മുതൽ 30.11.2023 വരെ നടപ്പിലാക്കുന്ന വിവരം അറിയിച്ചിരുന്നുവല്ലോ. ഇതു പ്രകാരം 26785 ക്ഷീര കർഷകർ ഈ പദ്ധതിയിൽ അംഗങ്ങളാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും കാരണവശാൽ ചേരുവാൻ വിട്ടുപോയ കർഷകർക്ക് അംഗങ്ങളാകുന്നതിനായി മേഖല യൂണിയൻ രണ്ടാം ഘട്ടമായി ഈ ഇൻഷുറൻസ് പദ്ധതി 1.4.2023 മുതൽ (9 മാസകാലയളവിലേക്ക്) നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രീമിയവും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നവർ മരണപ്പെട്ടാൽ (സ്വാഭാവിക മരണം/ അപകട മരണം) ആശ്രിതർക്ക് ഒറ്റ തവണ ധനസഹായം ലഭിക്കുന്നതാണ് പദ്ധതി. 18 മുതൽ 59 വയസ്സുവരെയുള്ള ക്ഷീര കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുക.

<u>പദ്ധതി നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ:-</u>

- ഒരു വർഷകാലയളവോടുകൂടിയ നാല് കാറ്റഗറിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ മേഖലാ യൂണിയൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഏത് കാറ്റഗറിയിൽ അംഗങ്ങളാകണമെന്ന് കർഷകർക്ക് തീരുമാനിക്കാവുന്നതാണ്.
- ഈ പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ സ്വാഭാവിക മരണത്തിനും അപകട മരണത്തിനും ഒന്നാമത്തെ വിഭാഗത്തിന് 20,000/- രൂപയും, രണ്ടാമത്തെ വിഭാഗത്തിന് 30,000/- രൂപയും, മൂന്നാമത്തെ വിഭാഗത്തിന് 40,000/- രൂപയും, നാലാമത്തെ വിഭാഗത്തിന് 50,000/- രൂപയും ധനസഹായമായി ആശ്രിതർക്ക് ലഭിക്കുന്നതാണ്.
- ഈ സാമ്പത്തിക വർഷത്തിൽ ആനന്ദ് മാതൃകാ സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്കാണ് ഈ പദ്ധതിയിൽ ചേരാനുള്ള അവസരം ലഭിക്കുക.
- ഇതിന്റെ പ്രീമിയം തുക താഴെ പറയും പ്രകാരം നിജപ്പെടുത്താവുന്നതാണ്.

| ക്രമ നമ്പർ | കാറ്റഗറി | ആളോഹരി പ്രീമിയം (രൂപ) | യൂണിയൻ വിഹിതം (രൂപ) | കർഷകൻ (രൂപ) |
|---|---|---|---|---|
| 1 | 20,000/-രൂപയുടെ ആനുകൂല്യം | 48 | 48 | 0 |
| 2 | 30,000/-രൂപയുടെ ആനുകൂല്യം | 72 | 50 | 22 |
| 3 | 40,000/-രൂപയുടെ ആനുകൂല്യം | 96 | 50 | 46 |
| 3 | 50,000/-രൂപയുടെ ആനുകൂല്യം | 120 | 50 | 70 |

കർഷകന്റെ വിഹിതം പൂർണ്ണമായി കർഷകനോ, കർഷകനും സംഘവും സംയുക്തമായോ വഹിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് പി ആന്റ് ഐ ജില്ല/ യൂണിറ്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

മാനേജിംഗ് ഡയറക്ടർ

എല്ലാ ആപ്കോസ് സംഘങ്ങൾക്കും

പകർപ്പ് : എല്ലാ ജില്ല/യൂണിറ്റ് പി&ഐ മേധാവികൾക്കും - പദ്ധതിയിൽ ചേരുവാൻ താൽപര്യമുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങൾ Google sheet-ൽ 22.03.2023 ന് മുൻപായി രേഖപ്പെടുത്തേണ്ടതാണ്.
: എല്ലാ ഡയറി/ചില്ലിംഗ് പ്ലാന്റ് മാനേജർമാർക്കും
: എല്ലാ വകുപ്പ് മേധാവികൾക്കും, എച്ച്ഒ

Our Mission: milma is committed to ensure Farmers' prosperity, well - being and consumers' satisfaction